(ഡി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന 'ബഹുദൂരം അതിവേഗം' പദ്ധതി പ്രകാരം വൈദ്യുതി പോസ്റ്റുകൾ വികസന ആവശ്യത്തിന് മാറ്റി സ്ഥാപിക്കുന്നതിലെ കാലവിളംബം ഒഴിവാക്കാൻ സമയോചിതമായ നടപടികൾ സ്വീകരിക്കുമോ ;

(ഇ) കാലതാമസം ഒഴിവാക്കാൻ കെ. എസ്. ഇ. ബി.-യും പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഒരു സ്ഥിര സംവിധാനം നടപ്പിലാക്കുമോ;

(എഫ്) മരാമത്ത്-വൈദ്യുതി ബോർഡ്-റവന്യൂ വകുപ്പുകളിലെ ഉന്നതതല ഉദ്യോഗസ്ഥയോഗങ്ങൾ ജില്ലാ/മേഖലാ തലത്തിൽ ചേർന്ന് യോഗ മിനിട്സ് നിയമപ്രകാരം തയ്യാറാക്കി കഴിഞ്ഞാൽ വൈദ്യുതി പോസ്റ്റുകൾ മാറ്റാനുള്ള എസ്റ്റിമേറ്റുകൾക്ക് ടെണ്ടർ അനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പോസ്റ്റുകളും മറ്റും മാറ്റി സ്ഥാപിക്കാനുള്ള അപേക്ഷ വൈദ്യുതി ബോർഡിൽ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റെടുത്ത് പണം അടയ്ക്കാൻ ആവശ്യപ്പെടും. പണം അടയ്ക്കുന്ന മുറയ്ക്ക് പണി ആരംഭിക്കും. ഈ എസ്റ്റിമേറ്റിൽ സ്റ്റോറേജ് ചാർജ്ജും ഓവർഹെഡ് ചാർജ്ജും ഡിപ്പാർട്ട്മെന്റൽ ചാർജ്ജും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഓരോ സമയത്തും നിലവിലുള്ള കോസ്റ്റ് ഡാറ്റ പ്രകാരമുള്ള ചാർജ്ജ് ആണ് ഈടാക്കുന്നത്. ഇപ്പോൾ നിലവിലുള്ള ചാർജ്ജ് താഴെ കൊടുക്കുന്നു.

എൽ. റ്റി. പോസ്റ്റ് — 600 രൂപ

എച്ച്. റ്റി. പോസ്റ്റ് — 1,050 രൂപ

ട്രാൻസ്ഫോർമർ — തുക സ്ഥലത്തിനനുസരിച്ച് വ്യത്യാസം വരുന്നതാണ്.

(സി, ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ, എഫ്) ആവശ്യമെന്നു കണ്ടാൽ ആലോചിച്ച് വേണ്ടത് ചെയ്യുന്നതാണ്.

വൈദ്യുതി കണക്ഷൻ

15 [1912] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കുളത്തൂർ, നൻമണ്ട, ബാലുശ്ശേരി, പനങ്ങാട്, ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര വൈദ്യുതി കണക്ഷൻ വീതം നല്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) അതിൽ ഗാർഹിക കണക്ഷൻ എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ ?

2/2316/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) ഈ സാമ്പത്തിക വർഷം നൽകിയ കണക്ഷനുകൾ താഴെ ചേർക്കുന്നു:

	വൈദ്യുതി കണക്ഷൻ	ഗാർഹിക കണക്ഷൻ
ഏലത്തൂർ	9393	8002
തലക്കുളത്തൂർ	6262	5376
നൻമണ്ട	5916	4963
ബാലുശ്ശേരി	8050	6250
പനങ്ങാട്	7024	6390
ഉള്ളിയേരി	6382	5678
അത്തോളി	4685	3839

അപകടമരണങ്ങൾ ഒഴിവാക്കുവാൻ വൈദ്യുതി ബോർഡിന്റെ നടപടികൾ

16 [1913] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വിതരണരംഗത്തെ സുരക്ഷാപാളിച്ചകൾമൂലം എത്ര പേരാണ് മരണമടഞ്ഞിട്ടുള്ളത്;

(ബി) അപകടമരണങ്ങൾ ഒഴിവാക്കുവാൻ ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്?

ഉത്തരം

(എ) വിവിധ കാരണങ്ങളാൽ 146 പേർ ഷോക്കേറ്റ് മരിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. സെക്ഷൻ ആഫീസുകളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അപകട സാദ്ധ്യതയിലുള്ള പോസ്റ്റുകൾ, ലൈനുകൾ എന്നിവ ഉടനടി മാറ്റുന്നതാണ്. ലൈനുകളിൽ മുട്ടി നിൽക്കുന്ന വൃക്ഷശിഖരങ്ങൾ വെട്ടിമാറ്റുന്നുണ്ട്. അനധികൃതമായി വലിച്ചിട്ടുള്ള കേബിൾ റ്റി. വി. നെറ്റ് വർക്കുകൾ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ലൈൻ സ്പേസേർസ്/പി. വി. സി. ഇൻസുലേറ്റഡ് കണ്ടക്ടേഴ്സ് എന്നിവ എൽ. റ്റി. ലൈനുകളിൽ ഉപയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly